**File No.TCPCTP/118/2020-D3**

<u>മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം</u>
<u>തിരുവനന്തപുരം</u>

വിഷയം:- നഗര- ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം -തിരുവനന്തപുരം ജില്ല നെടുമങ്ങാട് നഗരസഭ കരിപ്പൂർ വില്ലേജ് വർക്ക്ഷോപ്പ് നിർമ്മാണം ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. നെടുമങ്ങാട് നഗരസഭാ സെക്രട്ടറിയുടെ 11/11/2019 ലെ TP1/7858/18 നമ്പർ കത്ത്.
2. തിരുവനന്തപുരം ജില്ലാ ടൗൺ പ്ലാനറുടെ 31/12/2019 - ലെ TCPTVM/1848/2019-D നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. **TCPCTP/118/2020 -D3** തീയതി:**27/02/2020**

---

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് നഗരസഭ പരിധിയിലുള്ള കരിപ്പൂര് വില്ലേജിൽ സർവ്വേ നമ്പർ **855/14, 855/14-1, 855/29, 855/14-3, 855/29-1** എന്നിവയിൽപ്പെട്ട 3338.ച.മീ ( 82.5 സെന്റ്) സ്ഥലത്ത് ഗ്രൂപ്പ് -I (1) Hazardous ഒക്യുപെൻസിയിൽ- പ്പെട്ട **വർക്ക്ഷോപ്പ്** (ground floor 990m2+mezzanine floor 291m2)നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ **ശ്രീ. മനുരാജ് & കൃഷ്ണമ്മാൾ** - എന്നിവരുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 1999-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ-ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. പ്രസ്തുത പ്ലോട്ട് ലേ-ഔട്ട്, കെ.എം.ബി.ആർ. 1999 -നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയന്ത്രണങ്ങൾക്കും വിധേയമായിരിക്കണം.
2. വസ്തു സംബന്ധമായ രേഖകൾ പരിശോധിച്ച് ഉടമസ്ഥത , സർവ്വെ നമ്പർ , അതിർത്തി അളവുകൾ സ്ഥലവിസ്തൃതി, എന്നിവ ശരിയാണെന്നും നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെട്ടിട്ടില്ലെന്നും സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
3. പെർമിറ്റ് നൽകുന്നതിനു മുമ്പായി ചട്ടം 59 ( 5a) പ്രകാരം ഫയർ എൻ.ഒ. സി. നേടേണ്ടതാണ്.
4. ചട്ടം 59 ( 5) പ്രകാരമുള്ള എൻ.ഒ. സി. ആവശ്യമുള്ള പക്ഷം നേടേണ്ടതാണ്.
5. ചട്ടം 59 (15) (16) എന്നിവ പ്രകാരം In - situ liquid Waste Management treatment plant, Recycling and reusing of waste water facility എന്നിവ നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
6. ചട്ട പ്രകാരമുള്ള കെട്ടിടത്തിനു ചുറ്റുമുള്ള തുറസ്സായ സ്ഥലം , ശുചീകരണ സൗകര്യങ്ങൾ, മഴവെള്ള സംഭരണ സംവിധാനം എന്നിവ നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
7. സൈറ്റ് പ്ലാനിൽ LTP ( Liquid treatment plant) റോഡരുകിൽ നിന്നും 1.2 മീ.അകലത്തിൽ കാണിച്ചിട്ടുണ്ട്. റോഡിന്റെ വശത്തായതിനാൽ ചട്ടം 25 proviso

പ്രകാരംറോഡരുകിൽ നിന്നും 2 മീ. മാറ്റി വയ്ക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ **41/2020** ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു

**ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം**

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

**ജയശ്രീ. പി. ആർ.**
**ടൗൺ പ്ലാനർ**

സെക്രട്ടറി,
നെടുമങ്ങാട് നഗരസഭ, തിരുവനന്തപുരം
പകർപ്പ്:-

1. ശ്രീ. മനുരാജ് & കൃഷ്ണാമ്മാൾ, ശ്രീമുരുക ഭവൻ, നെടുമങ്ങാട്, തിരുവനന്തപുരം-695541
2. ടൗൺ പ്ലാനർ, തിരുവനന്തപുരം 3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം